


# കടലോരം



LITTLE KITES 2023-24

പടന്നക്കടപ്പുറം ഗവ. ഫിഷറീസ് ഹയർ
സെക്കന്ററി സ്ക്രൂളിലെ
ലിറ്റിൽകൈറ്റ്സ് കുട്ടികളുടെ സൃഷ്ടികൾ
അടങ്ങുന്ന മാഗസിന് എല്ലാവിധ
ആശംസകളും നേരുന്നു

-കെ .ടി .ഗോവിന്ദൻ മാസ്റ്റർ

സ്ക്രൂൾ ഹെഡ്മാസ്റ്റർ



പടന്നക്കടപ്പുറം ഗവ. ഹയർസെക്കന്ററി സ്ക്കൂളിലെ വിദ്യാർത്ഥികൾ അവരുടെ സൃഷ്ടികൾ ചേർത്ത് തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.ഇതിന്റെ അണിയറ പ്രവർത്തകർക്കും  പ്രോത്സാഹനം നൽകിയവർക്കും അഭിനന്ദനങ്ങൾ.

-കെ സജിത ടീച്ചർ

സീനിയർ അസിസ്റ്റന്റ്



# ഉള്ളടക്കം


മനുഷ്യന്റെ ക്രൂരതകൾ........................താര .കെ

അടുക്കളയിൽ ഒരു കറിവേപ്പില............ശ്രീനന്ദ .എൻ.കെ

അമ്മ..........................................ആശിമ .പി.വി

കെച്ചുമുല്ല.....................................ദേവാഞ്ജന .പി

വീണപൂവ്.....................................സുരേഷ് ബാബു

പ്രതീക്ഷ.......................................മറുവ .ടി

# മനുഷ്യന്റെ ക്രൂരതകൾ

മനുഷ്യരുടെ ദുഷ്ടപ്രവർത്തികളാൽ ആകാശം
മരവിച്ചിരിക്കുന്നു
അതിന്റെ സംസാരശേഷി നിലച്ചിരിക്കുന്നു
പ്രകൃതി ആകാശത്തോട് കേണപേക്ഷിച്ചു
ഒരു തുള്ളി ജലത്തിനായി
പക്ഷേ എന്തു ചെയ്യാനാകും ആകാശത്തിന്
സമുദ്രങ്ങളും പുഴകളും മലിനമാക്കിയിരിക്കുന്നു
മറ്റുള്ള ജലാശയങ്ങൾ മണ്ണിനടിയിൽ
അന്ത്യവിശ്രമം കൊള്ളുന്നു
ഒടുവിൽ ഈ പ്രവർത്തികൾ സഹിക്കവയ്യേ
പ്രകൃതി അട്ടഹസിച്ചു എന്തിനീ
ചതി എന്നോട് ചെയ്തു നീ മനുഷ്യ.....



താര . കെ
IX-A



# അടുക്കളയിൽ ഒരു കറിവേപ്പില

അടുക്കളയെന്നൊരു
പാഠശാലയിൽ
കളരി അഭ്യസിച്ചിട്ടും അമ്മ
എവിടെയും അറിയപ്പെടാത്തൊരു
ദിക്കാണെന്നറിഞ്ഞിട്ടും
പണിയെടുത്തീടുന്ന അമ്മ
ആരും അറിയാതെ
പോവുന്ന ദിക്ക്......
അടുക്കളത്തിണ്ണയിലെ
അടുപ്പിൽ ഊതി
എരിയുന്ന കണ്ണുപോൽ
അടുക്കളയിൽ ഒതുങ്ങിയ
ജീവിതം ഏറെ
എരിയുന്നതാണെന്ന്
ആരും അറിഞ്ഞില്ല......






ശ്രീനന്ദ .എൻ.കെ
X B

# അമ്മ

ഖിന്നയാണോരോരോ
അമ്മയും
നിറയുന്നു ദുഃഖം
എരിയുന്ന  ദുഃഖം
കത്തിയെരിയുന്നു.......
ദൈവം.....സകലതിന്നും
സാക്ഷിയായ്.....
വിറയുന്ന കൈകളിൽ
ഒരുപിടി സ്നേഹമായി
അണയാത്ത
ദീപമായി......
നടകളിൽ കഴിയുന്ന
ദൈവം......





ആഷിമ.പിവി
IX A

# കൊച്ചുമുല്ല

മുറ്റത്തെ കോണിലാദ്യമായി
കൊച്ചു മുല്ലച്ചെടി പൂവണിഞ്ഞു
മഞ്ഞുതുള്ളി പോലെ കുളിരാണിവൾ
മഴവിൽ കൊടിപോലെ ഏഴഴകും
മലയാള മനസ്സിനെ കുളിരണിയിക്കും
മനോഹര ശില്പമാണീ പൈതൽ
കൊച്ചു കിടാങ്ങൾക്കു കൂട്ടുകാരി
ജീവന്റെ ജീവനാം ചങ്ങാതി
ദൈവത്തിൻ കനിവാണീ കൊച്ചുമുല്ല
ദൈവത്തിൻ മനസ്സാണീ കൊച്ചുമുല്ല
കൊച്ചുതെന്നൽ വന്ന് പുൽകിടുമ്പോൾ
നിന്റെ കള്ളച്ചിരിക്കെന്തു ഭംഗി
സ്നേഹത്തിൽ കനിവാണ് സ്നേഹത്തിൽ വരമാണ്
സ്നേഹമയിയാണീ കൊച്ചുമുല്ല





ദേവാഞ്ജന .പി
IX A

# വീണപ്പൂവ്

വീണപ്പൂവിൽ ഒരുകാലം വീഴാതിരിപ്പുണ്ട്
മാറ്റത്തിന്റെ കൊടുങ്കാറ്റിൽ
എടുത്തെറിയപ്പെടേണ്ട
ചട്ടങ്ങളുടെ ചവറിൽ
ഇന്നലെ ചെയ്ത അബദ്ധങ്ങൾ
ആചാരമാകാതിരിക്കാൻ
കരുണ നിറഞ്ഞ
കാവലാളുണ്ട്

കുടിനീരിന്
കുലീനതയില്ലാതെ
ഓർമ്മപ്പെടുത്തലുണ്ട്

മാംസത്തിൽ
പൊതിഞ്ഞ് കെട്ടാത്ത
പ്രണയത്തിന്റെ
പിന്നാമ്പുറമുണ്ട്

പട്ടും വളയും
ഒരു ജനതയുടെ
അംഗീകാരമാണെന്ന
വിളംബരമുണ്ട്


ആറ്റിൽ
വീണ പ്രാണനിൽ
തുടിച്ചത് മാനവികതയുടെ
ഇടിമുഴക്കമാണ്





സുരേഷ് ബാബു

# പ്രതീക്ഷ



ആർദ്രമാമെൻ സ്നേഹത്തിൻ
ആഴിയിലാണ്ടു നീ
എൻമൂകമാം നിമിഷത്തിൽ
അലിഞ്ഞുചേർന്നു
ഏകാന്ത പഥികനാം
എൻ മനതാരിൽ നീ
വാടിക്കുഴഞ്ഞുവോ
കുഞ്ഞോമനയ്ക്ക്
വെളിച്ചം പകർന്നു നീ
ജീവനേകി
ഇന്നെൻ ശിഖരം വെട്ടിമാറ്റുന്നു
എന്തേ നീയതറിഞ്ഞില്ലാ
നിന്റെ വരവിനായ്
കാത്തിരുന്നു ഞാൻ
കാറ്റായ് കുളിരായ്
ആർദ്രമാം വാക്കായ്
ഇനിയെൻ മനസ്സിൻ
മുറിവുണക്കാൻ



മറുവ .ടി
IX C